March 2013

**3032**

**Reg. No. : ..................................**

**Name : .......................................**

*For Scheme I & Scheme II Candidates*

# Second Year Higher Secondary Examination

Part – III

## GANDHIAN STUDIES

Maximum : 60 Scores

Time : 2 Hours
Cool off time : 15 Minutes

***General Instructions to Candidates :***

- There is a 'cool off time' of 15 minutes in addition to the writing time of 2 hrs.
- You are not allowed to write your answers nor to discuss anything with others during the 'cool off time'.
- Use the 'cool off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- All questions are compulsory and only internal choice is allowed.
- When you select a question, all the sub-questions must be answered from the same question itself.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Electronic devices except non programmable calculators are not allowed in the Examination Hall.

**നിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയ വിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപചോദ്യങ്ങളും അതേ ചോദ്യ നമ്പരിൽ നിന്ന് തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തര പേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

1. In 'Hind Swaraj' Gandhiji explained different dimensions of Swaraj. Briefly write these dimensions. **(4)**

2. According to Gandhiji Indian civilization is different from modern western civilization. Write four such differences. **(4)**

3. Gandhian philosophy was influenced by many individuals. Give the name of two individuals who influenced him most. **(1)**

4. According to Gandhiji "Swadeshi is that spirit in us which restrict us to use the service of our immediate surroundings to the exclusion of the more remote". Discuss Gandhian views on 'Swadeshi' and its relevance in modern times. **(4)**

5. Gandhiji was fighting not against machinery as such but against the craze for machinery i.e, the craze for labour displacing machinery. Give your opinion on Gandhian views on mechanization. **(4)**

1. 'ഹിന്ദ് സ്വരാജ് 'ൽ ഗാന്ധിജി 'സ്വരാജ് ' ന്റെ വ്യത്യസ്തങ്ങളായ പലമാനങ്ങളെയും കുറിച്ച് വിവരിക്കുന്നുണ്ട്. ഇവയെ കുറിച്ച് ചുരുക്കി എഴുതുക. **(4)**

2. ഗാന്ധിജിയുടെ അഭിപ്രായത്തിൽ ഭാരതീയ സംസ്കാരം ആധുനിക പാശ്ചാത്യ സംസ്കാരത്തിൽ നിന്നും വ്യത്യസ്തമാണ്. നാല് വ്യത്യാസങ്ങൾ എഴുതുക. **(4)**

3. ഗാന്ധിയൻ തത്ത്വചിന്തയെ പല വ്യക്തികളും സ്വാധീനിച്ചിട്ടുണ്ട്. ഗാന്ധി ജിയെ ഗണ്യമായി സ്വാധീനിച്ച രണ്ട് വ്യക്തികളുടെ പേര് എഴുതുക. **(1)**

4. ഗാന്ധിജിയുടെ അഭിപ്രായത്തിൽ സ്വദേശി എന്നത് 'വിദൂരത്തുള്ള വയുടെ സേവനങ്ങൾ ഉപേക്ഷിച്ച് അടുത്ത പരിസരത്തുള്ളവയുടെ സേവനങ്ങൾ മാത്രം സ്വീകരിക്കുവാൻ നമ്മെ നിയന്ത്രിച്ചു നിർത്തുന്ന നമ്മുടെ ഉള്ളിലുള്ള ആത്മാവാണ്. സ്വദേശി എന്നതിനെകുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാടും ആധു നിക കാലത്ത് ഇതിന്റെ പ്രസക്തിയും ചർച്ച ചെയ്യുക. **(4)**

5. ഗാന്ധിജിയുടെ സമരം യന്ത്രങ്ങളോ ടായിരുന്നില്ല മറിച്ച് യന്ത്രങ്ങളോടുള്ള ഭ്രമത്തിനെതിരെയായിരുന്നു. തൊഴി ലാളികളെ ഒഴിവാക്കി കൊണ്ടുള്ള യന്ത്രവൽക്കരണ ഭ്രമത്തെയാണ് ഗാന്ധിജി എതിർത്തത്. യന്ത്രവൽക്ക രണത്തെ കുറിച്ചുള്ള ഗാന്ധിയൻ കാഴ്ചപ്പാടിനെ കുറിച്ച് നിങ്ങളുടെ അഭിപ്രായം എഴുതുക. **(4)**

6. According to Gandhiji, the purpose of education is the complete development of man-body, mind and spirit. Discuss Gandhian Scheme of Education and its relevance in modern times. **(6)**

7. Gandhian Scheme of Education is also known by the name :

   Bombay scheme

   Wardha scheme

   Madrass scheme. **(1)**

8. Identify the feature which is not associated with Gandhian Scheme of Education.

   Craft centred

   Life centred

   Theory oriented. **(1)**

9. According to Gandhiji, though there are different religions in the world, they all have the same goal. The purity of the method to realize this goal will solve all the communal problems.

   a) Identify the goal

   b) Identify the path to solve communal problems with your comments. **(4)**

6. ഗാന്ധിജിയുടെ അഭിപ്രായത്തിൽ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം മനുഷ്യന്റെ പൂർണമായ വികസനമാണ്. ശരീരത്തിന്റെയും മനസിന്റെയും ആത്മാവിന്റെയും വികസനം. ഗാന്ധിജിയുടെ വിദ്യാഭ്യാസ പദ്ധതിയെ കുറിച്ചും ആധുനിക കാലത്ത് ഇതിന്റെ പ്രസക്തിയും ചർച്ച ചെയ്യുക. **(6)**

7. ഗാന്ധിയൻ വിദ്യാഭ്യാസ പദ്ധതി മറ്റൊരു പേരിലും അറിയപ്പെടുന്നു. അത് ഏതെന്ന് എഴുതുക.

   ബോംബെ പദ്ധതി

   വാർധ പദ്ധതി

   മദ്രാസ് പദ്ധതി **(1)**

8. താഴെ തന്നിരിക്കുന്നതിൽ നിന്നും ഗാന്ധിയൻ വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധമില്ലാത്തത് തിരഞ്ഞെടുത്ത് എഴുതുക.

   കൈത്തൊഴിൽ അധിഷ്ടിതം

   ജീവിതം കേന്ദ്രീകരിച്ചുള്ളത്

   തത്ത്വാധിഷ്ടിതം. **(1)**

9. ഗാന്ധിജിയുടെ അഭിപ്രായത്തിൽ ലോകത്ത് വ്യത്യസ്തമായ മതങ്ങൾ ഉണ്ടെങ്കിലും അവയുടെയെല്ലാം ലക്ഷ്യം ഒന്നുതന്നെയാണ്. ഈ ലക്ഷ്യം നേടുന്നതിന് തിരഞ്ഞെടുക്കുന്ന മാർഗത്തിന്റെ പരിശുദ്ധി എല്ലാ വർഗ്ഗീയ പ്രശ്നങ്ങൾക്കും ഉള്ള പരിഹാരമാണ്.

   എ) ലക്ഷ്യം ഏതെന്ന് തിരിച്ചറിയുക.

   ബി) വർഗ്ഗീയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള മാർഗം ഏതെന്ന് നിങ്ങളുടെ അഭിപ്രായങ്ങൾ സഹിതം വ്യക്തമാക്കുക. **(4)**

10. According to Gandhiji, the ultimate aim of human life is God realisation and the only way to realise God is to see him in his creations and be one with it.

A) Identify the way to experience God

B) Share your ideas about the way.

**(3)**

11. In order to judge a doctrine whether it is religious or not. Gandhiji uses a criteria which is the very essence of religion. Identify the criteria from the given items :

Prayer

Fasting

Morality

Truth. **(1)**

12. There are three aspects in every religion: values, symbols and practices. Among these three one aspect is common to all religions. Identify it. **(1)**

10. ഗാന്ധിജിയുടെ അഭിപ്രായത്തിൽ ഈശ്വരസാക്ഷാത്ക്കാരമാണ് മനുഷ്യജീവിതത്തിന്റെ ആത്യന്തികമായ ലക്ഷ്യം. ഈശ്വര സാക്ഷാത്കാരത്തിനുള്ള ഏകമാർഗ്ഗം ഈശ്വരന്റെ എല്ലാ സൃഷ്ടിയിലും ഈശ്വരനെ കാണുകയും അവയിലൊന്നായി മാറുകയുമാണ്.

എ) ഈശ്വരനെ അനുഭവിക്കുന്നതിനുള്ള മാർഗം ഏതെന്ന് എഴുതുക.

ബി) ഈ മാർഗത്തെ കുറിച്ചുള്ള നിങ്ങളുടെ ആശയങ്ങൾ പങ്കുവെക്കുക. **(3)**

11. ഒരു സിദ്ധാന്തം മതപരമായതാണോ അല്ലയോ എന്നറിയുന്നതിന് ഗാന്ധിജി ഒരു മാനദണ്ഡം ഉപയോഗിക്കുന്നു. ഈ മാനദണ്ഡം എല്ലാ മതത്തിന്റെയും സാരാംശമാണ്. താഴെ തന്നിരിക്കുന്നവയിൽ ഈ മാനദണ്ഡം തിരഞ്ഞെടുക്കുക.

പ്രാർത്ഥന

ഉപവാസം

സന്മാർഗം

സത്യം. **(1)**

12. എല്ലാ മതങ്ങളിലും മൂന്ന് ഘടകങ്ങൾ ഉണ്ട്. മൂല്യങ്ങൾ, പ്രതിബിംബങ്ങൾ, ആചാരങ്ങൾ. ഈ മൂന്ന് ഘടകങ്ങളിൽ എല്ലാ മതങ്ങളിലും പൊതുവായിട്ടുള്ളത് ഏതെന്ന് തിരഞ്ഞെടുക്കുക. **(1)**

13. Under the influence of urbanization some changes have occurred in the attitude of all sections of the people. Identify four such changes occurred in rural community. **(4)**

14. Panchayathiraj institutions establishes true democracy at grass root level. Identify the features of Panchayathiraj in India. **(4)**

15. Both Gandhiji and Karl Marx advocated social change. Gandhiji advocated evolutionary change and Marx stood for revolutionary change. Identify two differences in their methods. **(2)**

16. If you are selected to write an article in a leading magazine about Gandhian vision of development, identify any six major areas that you are going to discuss in the article. **(3)**

13. നഗരവൽക്കരണത്തിന്റെ സ്വാധീന ഫലമായി എല്ലാ വിഭാഗം ജനങ്ങളുടെയും കാഴ്ചപ്പാടിൽ മാറ്റങ്ങൾ ഉണ്ടായി. ഇങ്ങനെ ഗ്രാമീണ ജനതയിൽ ഉണ്ടായ മാറ്റങ്ങളിൽ നാലെണ്ണം എഴുതുക. **(4)**

14. പഞ്ചായത്തിരാജ് സ്ഥാപനങ്ങൾ അടിസ്ഥാനതലത്തിൽ ജനാധിപത്യം നടപ്പിലാക്കുന്നു.
ഇന്ത്യയിലെ പഞ്ചായത്തിരാജ് സംവിധാനത്തിന്റെ പ്രധാന സവിശേഷതകൾ എഴുതുക. **(4)**

15. ഗാന്ധിജിയും കാറൽമാക്സും സാമൂഹിക മാറ്റത്തിനു വേണ്ടി വാദിച്ചു. ഗാന്ധിജി പരിണാമ രൂപത്തിലുള്ള മാറ്റത്തിനുവേണ്ടിയും മാക്സ് വിപ്ലവകരമായ മാറ്റത്തിനും വേണ്ടി നിലകൊണ്ടു. ഈ രണ്ടുമാർഗങ്ങൾ തമ്മിലുള്ള രണ്ടു വ്യത്യാസങ്ങൾ എഴുതുക. **(2)**

16. ഒരു പ്രമുഖ മാസികയിൽ വികസനത്തെ കുറിച്ചുള്ള ഗാന്ധിയൻ കാഴ്ചപ്പാടിനെ കുറിച്ച് ഒരു ലേഖനം എഴുതാൻ നിങ്ങൾ തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ ആലേഖനത്തിൽ നിങ്ങൾ ഉൾപ്പെടുത്തുന്ന പ്രധാനപ്പെട്ട ആറ് വിഷയങ്ങൾ ചർച്ച ചെയ്യുക. **(3)**

17. There are many people movements with regard to forest conservation. Eg : Chipko, Apiko, Narmada Bachao Andolan etc. Identify two similar movements in Kerala. **(1)**

18. The natural outcome of the modern production is displacement of labour, poverty, unemployment, depletion of natural resources and environmental pollution etc. To overcome this problem Gandhian alternative is need based production. Do you think that this is the real alternative ?

    Specify your own reasons. **(4)**

19. Gandhiji considered state as a 'soulless machine' or a 'semi human tiger'. It represents violence in an organized manner.

    Can you identify the Gandhian solution for this ? **(1)**

17. വനസംരക്ഷണത്തിനായി പല ജനകീയ പ്രസ്ഥാനങ്ങളുണ്ട്. ഉദാഹരണമായി ചിപ്കോ, അപികോ, നർമ്മദാ ബചാവോ ആന്തോളൻ തുടങ്ങിയവ. ഇതേ രീതിയിലുള്ള കേരളത്തിലെ രണ്ടു പ്രസ്ഥാനങ്ങളുടെ പേര് എഴുതുക. **(1)**

18. തൊഴിലാളികളെ പുറത്താക്കൽ, ദാരിദ്ര്യം, തൊഴിലില്ലായ്മ, പ്രകൃതി വിഭവങ്ങളുടെ ശോഷണം, പാരിസ്ഥിതി മലിനീകരണം തുടങ്ങിയവ ആധുനിക രീതിയിലുള്ള ഉല്പാദനത്തിന്റെ അനന്തര ഫലങ്ങളാണ്. ഈ പ്രശ്നങ്ങൾക്കുള്ള ഗാന്ധിയൻ പരിഹാരം ആവശ്യാനുസരണമുള്ള ഉല്പാദനം എന്നതാണ്. ഇതാണ് യഥാർത്ഥമായ പരിഹാരം എന്ന് നിങ്ങൾ കരുതുന്നുണ്ടോ ? നിങ്ങളുടെ കാരണങ്ങൾ വ്യക്തമാക്കുക. **(4)**

19. ഗാന്ധിജി രാഷ്ട്രത്തെ 'ആത്മാവില്ലാത്ത യന്ത്ര'മായും 'അർദ്ധമനുഷ്യനായ കടുവ'യായുമാണ് കണ്ടത്. അക്രമത്തിന്റെ സംഘടിത രൂപത്തെയാണ് രാഷ്ട്രം പ്രതിനിധാനം ചെയ്യുന്നത്. ഇതിനുള്ള ഗാന്ധിയൻ പരിഹാരം എന്തെന്ന് എഴുതുക. **(1)**

20. Gandhiji was against the utilitarian philosophy of "The greatest good of the greatest number". He put forward an alternative idea in Sarvodaya social order for the upliftment of all. Identify the alternative and specify it with your comments. **(3)**

21. Sarvodaya social order is devoid of exploitations and inequalities. It aims at a classless and stateless society where all sections of the people live harmoniously. It is an ideal condition of Gandhiji. In order to realise this dream, can you suggest any reforms ? **(4)**

20. 'പരമാവധി എണ്ണത്തിന് പരമാവധി നൻമ' എന്ന ഉപയുക്തതാസിദ്ധാന്തത്തെ ഗാന്ധിജി എതിർത്തു. ഇതിനു ബദലായി ഗാന്ധിജി മുന്നോട്ടു വച്ച ആശയമാണ് എല്ലാവരുടെയും ഉയർച്ച ലക്ഷ്യം വെച്ചുകൊണ്ടുള്ള സർവോദയ സാമൂഹിക വ്യവസ്ഥിതി. ഗാന്ധിജിയുടെ ബദൽ നിർദ്ദേശം നിങ്ങളുടെ അഭിപ്രായങ്ങൾ സഹിതം വ്യക്തമാക്കുക. (3)

21. സർവോദയ സാമൂഹിക ക്രമത്തിൽ ചൂഷണവും അസമത്വങ്ങളും ഉണ്ടായിരിക്കുകയില്ല. എല്ലാ ജനങ്ങളും ഐക്യത്തോടെ കഴിയുന്ന വർഗ്ഗരഹിത രാഷ്ട്രരഹിത സമൂഹമാണ് ഇതിന്റെ ലക്ഷ്യം. ഗാന്ധിജിയുടെ ഒരു ആദർശപരമായ അവസ്ഥയാണ് ഇത്. ഈ സ്വപ്നം യാഥാർഥ്യമാക്കുന്നതിനുള്ള പരിഷ്കാരങ്ങൾ നിർദ്ദേശിക്കുക. (4)